# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . v
മുഖവുര . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . 17
 1 അനുനാസികാതിപ്രസരം: . . . 31
 2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . 32
 3 സ്വരസംവരണം: . . . 32
 4 പുരുഷഭേദനിരാസം: . . . 34
 5 ഖിലോപസംഗ്രഹം: . . . 37
 6 അംഗഭംഗം: . . . 39
2 ഘട്ടവിഭാഗം . . . 53
 1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . 62
 2 മധ്യഘട്ടം — മണിപ്രവാളരീതി . . . 63
 3 ആധുനികഘട്ടം . . . 64
3 അക്ഷരമാല . . . 67
4 വർണ്ണവികാരങ്ങൾ . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . 99
 1 ലോപസന്ധി . . . 100
 2 ആഗമസന്ധി . . . 103
 3 ദ്വിത്വസന്ധി . . . 107
 4 ആദേശസന്ധി . . . 113
2 ശബ്ദവിഭാഗം . . . 119
 1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . 135
2 വചനപ്രകരണം . . . 145
3 വിഭക്തിപ്രകരണം . . . 157
 1 നാമരൂപാവലി . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . 171
 1 ഇനി ഇരട്ടിപ്പ് . . . 173
5 കാരകപ്രകരണം . . . 177
6 തദ്ധിതപ്രകരണം . . . 189
 1 തന്മാത്രപ്രത്യയങ്ങൾ . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . 197
 1 പ്രാരംഭം . . . 197
 2 പ്രകൃതി . . . 197
 3 സ്വഭാവം . . . 198
2 കാലപ്രകരണം . . . 199
 1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . 205
 2 കാലപ്രത്യയങ്ങളുടെ ആഗമം . . . 220
3 പ്രകാരപ്രകരണം . . . 223
4 പ്രയോഗപ്രകരണം . . . 231
5 പ്രയോജകപ്രകൃതി . . . 233
6 നാമധാതുപ്രകരണം . . . 241
7 ഖിലധാതുക്കൾ . . . 245
8 അനുപ്രയോഗം . . . 247
 1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . 251
 2 രണ്ടാം വക; കാലാനുപ്രയോഗം . . . 255
 3 മൂന്നാംവക, പൂരണാനുപ്രയോഗം . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259

10 സമുച്ചയം . . . . . . . . . . . . . . . . 269

11 അംഗക്രിയ . . . . . . . . . . . . . . . 271

1 പേരെച്ചം . . . . . . . . . . . . . . . 275

2 വിനയെച്ചം . . . . . . . . . . . . . . 280

12 കൃതികൃത്തുക്കൾ . . . . . . . . . . . . 295

13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317

1 പദക്രമം . . . . . . . . . . . . . . . . 320

2 പൊരുത്തം . . . . . . . . . . . . . . . 321

2 സമാസപ്രകരണം . . . . . . . . . . . . 325

3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333

ധാതുപാഠം . . . . . . . . . . . . . . . . 347

കാരികാസൂചിക . . . . . . . . . . . . . . 357

സൂചിക . . . . . . . . . . . . . . . . . . 361

# 4

## പ്രയോഗപ്രകരണം

അഴക്, പൊക്കം, മിടുക്ക് മുതലായ ഗുണങ്ങൾ ഒരിക്കലും വേർപിരിയാതെ താൻതാങ്ങളുടെ അവലംബമായ ഗുണിയെ എങ്ങനെ ആശ്രയിച്ചു നില്ക്കുന്നുവോ അങ്ങനെ ഉണ്ണുക, ഉറങ്ങുക, ഇരിക്കുക മുതലായ ക്രിയകളും തങ്ങളുടെ ആശ്രയങ്ങളായ കാരകങ്ങളിൽ തങ്ങിനില്ക്കുന്നു. അനേകം ഗുണങ്ങളുള്ളവനായ ഒരുവനെ നാം സുന്ദരൻ, നെട്ടൻ, മിടുക്കൻ എന്നു വ്യവഹരിക്കുമ്പോൾ അവനിലുള്ള മറ്റു ഗുണങ്ങളെ ഗൗനിക്കാതെ പ്രകൃതഗുണങ്ങൾക്കു മാത്രം പ്രധാന്യം കല്പിക്കുന്നതുപോലെ ക്രിയയെ പ്രയോഗിക്കുമ്പോൾ അതിന്റെ ആശ്രയങ്ങളായ കാരകങ്ങളിൽ ഒന്നിനു മാത്രം ഇതരാപേക്ഷയാ പ്രധാന്യം വിവക്ഷിക്കപ്പെടുന്നു. കാരകങ്ങളിലൊക്കെയുംവെച്ച് പ്രധാനി കർത്താവാകയാൽ അക്കാരകമാണ് പ്രായേണ മുന്നിട്ടു വരുന്നത്. മറ്റു കാരകങ്ങളെയും പ്രധാനമായി വിവക്ഷിക്കുന്നതിന് വിരോധം ഇല്ല. ഉദാ:

> കുതിര ഒ◌ാടുന്നു—കർത്തൃപ്രധാനം.
> ശാകുന്തളം കാളിദാസനാൽ നിർമ്മിക്കപ്പെട്ടു—കർമ്മപ്രധാനം.
> ഇ◌ൗ പേന നല്ലവണ്ണം എഴുതും—കരണപ്രധാനം.
> ഉരുളി ഇടങ്ങഴി അരി വയ്ക്കും—അധികരണപ്രധാനം.

ഒരു ധാതുവിനെ ഉപയോഗിക്കുമ്പോൾ ഏതു കാരകത്തിനു പ്രധാന്യം വിവക്ഷിക്കുന്നുവോ ആ കാരകത്തിൽ ആ ധാതുവിനു പ്രയോഗം എന്ന് വൈയാകരണന്മാർ വ്യവഹരിക്കുന്നു. ഇങ്ങനെ കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം, കരണേപ്രയോഗം ഇത്യാദി സംജ്ഞകൾ കാൺക. ഇ◌ൗവിധം കാരകം ഉള്ളിടത്തോളവും പ്രയോഗവും വരാം. എങ്കിലും സാധാരണമായി കർത്തരിപ്രയോഗത്തെയും കർമ്മണിപ്രയോഗത്തെയും മാത്രമേ സ്വീകരിച്ചിട്ടുള്ളു. അതിലേക്ക് കാരണമെന്തന്നാൽ- ഇവയിൽ കർമ്മണിപ്രയോഗത്തിൽ മാത്രമേ ധാതുവിന് രൂപഭേദം വരുന്നുള്ളു. കരണേപ്രയോഗം മുതലായത് വളരെ അപൂർവ്വമാണ്; ഉള്ളവയ്ക്ക് കർത്തരിപ്രയോഗത്തെക്കാൾ രൂപത്തിൽ ഒരു വിശേഷവും ഇല്ലതാനും. അത്രതന്നെയുമല്ല- കരണേ പ്രയോഗാദിയിൽ കരണാദികൾക്ക് കർത്തൃത്വം വിവക്ഷിച്ചിരിക്കയാണെന്ന് പറഞ്ഞുനില്ക്കുകയും ചെയ്യാം.

എന്നുവേണ്ട, കർമ്മണി പ്രയോഗത്തിൽത്തന്നെയും കർമ്മത്തെ കർത്താവാക്കുകയാണെന്നും, അതിനാൽ ഭാഷയിൽ കർത്തരിപ്രയോഗം ഒന്നേ ആവശ്യപ്പെടുന്നുള്ളു എന്നും കാരകപ്രകരണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്; എങ്കിലും രൂപവ്യവസ്ഥചെയ്യുന്നതിൽ കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം എന്ന രണ്ടുവിധങ്ങളെ സ്വീകരിച്ചേ തീരു എന്ന് അവിടെയും പ്രസ്താവിച്ചിട്ടുണ്ട്.

ഇതു രണ്ടും കഴിച്ച് ഭാവേപ്രയോഗം എന്ന മൂന്നാമതൊന്നിനെക്കൂടി സ്വീകരിക്കാം; എന്നാൽ അത് സംസ്കൃതരീതിയിൽനിന്നു വളരെ വ്യത്യസ്തമാണ്. കാരകങ്ങളിലൊന്നിനും വിശേഷാൽ പ്രാധാന്യം കല്പിക്കാതെ സാക്ഷാൽ ക്രിയയെ, അതാവിതു്, ഭാവത്തെത്തന്നെ പ്രധാനമാക്കി ഉപയോഗിക്കുന്നതു് ഭാവേപ്രയോഗം.

ഉദാ: “എനിക്കു വിശക്കുന്നു, ദാഹിക്കുന്നു; കായം മണക്കുന്നു; ഇൗശ്വരൻ ഉണ്ട്; രാമസ്വാമിക്കു നിധി കിട്ടി; കുംഭകർണ്ണനു് ഉറങ്ങണം.

രൂപത്തിൽ തട്ടുന്നതായ അർത്ഥഭേദമേ വ്യാകരണത്തിനു സാക്ഷാദ്വിഷയമാകൂ എന്ന അഭിപ്രായത്തിൻപേരിൽ ഇൗവക വിശേഷങ്ങളെ വൈയാകരണൻ ഗൗനിക്കാറില്ല. രൂപത്തെ സ്പർശിക്കുന്ന കർമ്മണിപ്രയോഗത്തെ മാത്രം നിർദ്ദേശിക്കുന്നു:

> 119. അകാരമാത്രകനടു-
> വിനയെച്ചത്തിനപ്പുറം
> പ്രയോഗിപ്പൂ പെടുക-യെ;
> അതു കർമ്മണിരൂപമാം.

അ എന്ന മാത്രമായിട്ടുള്ള നടുവിനയെച്ച പ്രത്യയം ചേർത്തുണ്ടാക്കിയ ധാതുരൂപത്തിൽ പെടു് എന്ന ധാതുവിനെ അനുപ്രയോഗിച്ചാൽ കർമ്മണി പ്രയോഗം ഉളവാകും. ഉദാ:

പറ—പറയപ്പെടുന്നു, പറയപ്പെട്ടു, പറയപ്പെടണം ഇത്യാദി.
കാൺ—കാണപ്പെടുന്നു. ചെയ്—ചെയ്യപ്പെടുന്നു. ഇട്—ഇടപ്പെടുന്നു.

കർമ്മണിപ്രയോഗം ഭാഷാശൈലിക്കു ചേർന്നതല്ല; അതിനാൽ വൈചിത്ര്യത്തിനും സന്ദേഹനിവാരണത്തിനും മറ്റും മാത്രമേ അതിനെ ഉപയോഗിക്കാവൂ. കർമ്മണിപ്രയോഗം ശോഭിക്കുന്നതു് ഇന്നയിന്ന ദിക്കിൽ എന്ന് “സാഹിത്യസാഹ്യ” ത്തിൽ തീർച്ചപ്പെടുത്തിയിട്ടുള്ളതും നോക്കുക.